# സ്വാതന്ത്ര്യത്തിന്റെ സിനിമ

**നിയന്ത്രണവും ലാഭക്കൊതിയും നിറഞ്ഞ പകർപ്പവകാശത്തിനു പകരം ആർക്കും പങ്കുവയ്ക്കാൻ കഴിയുന്ന പകർപ്പിഷ്ടം ആശയത്താൽ പ്രചോദിതരായി സിനിമ നിർമ്മിക്കുന്ന ഇന്റർനെറ്റ് കൂട്ടായ്മയാണ് ചാമ്പ**

■ പ്രവീൺ അരിമ്പ്രത്തൊടിയിൽ
ഗണപതി സുബ്രഹ്മണ്യം
സനൂജ് സുരേന്ദ്രനാഥ്

മഹാഭാരതത്തിലെ അക്ഷയപാത്രത്തിന്റെ കഥയിൽ ഒരോ ദിവസവും ദ്രൗപതി ഭക്ഷണം കഴിക്കുന്നത് വരെ ആ പാത്രത്തിൽനിന്നും എത്ര പേർക്ക് വേണമെങ്കിലും ഭക്ഷണം കഴിക്കാം. ഇന്നു നമ്മുടെ കൈയിൽ അത് പോലൊരു യന്ത്രമുണ്ടെന്ന് വയ്ക്കുക, അതിൽനിന്നും വിശക്കുന്ന ഓരോരുത്തർക്കും സൗജന്യമായി ഭക്ഷണം കൊടുക്കാമെന്നിരിക്കേ പണം മുടക്കി ഭക്ഷണം വാങ്ങാൻ കഴിവുള്ളവർക്ക് മാത്രമേ അതിൽനിന്നും ഭക്ഷണം നൽകൂ എന്ന് തീരുമാനിച്ചാൽ നിങ്ങൾക്കത് സമ്മതമാകുമോ? ഇന്ന് ഏതൊരു ഡിജിറ്റൽ വസ്തുവിനും അത് പോലുള്ള യന്ത്രങ്ങളുണ്ട്, ഏതൊരു ഡിജിറ്റൽ വസ്തുവും, സംഗീതമോ, സിനിമയോ, പുസ്തകമോ, ഭൂപടമോ ആകട്ടെ, ഒരുതവണ ഉണ്ടാക്കിക്കഴിഞ്ഞാൽ കൂടുതൽ പണം ചെലവാക്കാതെ തന്നെ ഇന്റർനെറ്റ് വഴിയോ അല്ലെങ്കിൽ സിഡി/ഡിവിഡി അല്ലെങ്കിലൊരു യുഎസ്ബി പെൻ ഡ്രൈവ് ഉപയോഗിച്ച് ആരുമായും പങ്കുവയ്ക്കാവുന്നതാണ്. പിന്നെന്തുകൊണ്ടാണ് പങ്കിടുന്നത് തടയുന്നത്? സാധാരണയായി നൽകിവരുന്ന ഒരു കാരണം ഇതാണ്, സിനിമ നിർമ്മിക്കാൻ ഒരു നിർമ്മാതാവ് പണം മുടക്കുന്നുണ്ട്, ഇത് പോലുള്ള നിയന്ത്രണങ്ങളില്ലെങ്കിൽ അവർ മുടക്കിയ പണം തിരികെ ലഭിക്കില്ല. ഈയൊരു വാദം അംഗീകരിച്ചാൽ തന്നെ 60 വർഷം വളരെ നീണ്ടൊരു കാലയളവാണ്. ഈ നിയന്ത്രണങ്ങൾ ഞങ്ങൾക്കിഷ്ടമായില്ല, ഞങ്ങൾ



ക്കിത് എടുത്തു കളയണം. ഞങ്ങൾ തന്നെ സ്വയം ഒരു സിനിമയെടുക്കുകയാണെങ്കിൽ ഇത് എങ്ങനെ വിതരണം ചെയ്യണമെന്ന് ഞങ്ങൾക്ക് തന്നെ തീരുമാനിക്കാമല്ലോ, അങ്ങനെയാണ് ഞങ്ങൾ തന്നെ സിനിമയെടുക്കാനും നിയന്ത്രണങ്ങളില്ലാതെ വിതരണം ചെയ്യാൻ തീരുമാനിക്കുന്നതും. പൈറേറ്റെന്ന് വിളിക്കുമെന്ന ഭയമില്ലാതെ തന്നെ ഞങ്ങളുടെ സിനിമ കാണാനാഗ്രഹിക്കുന്ന എല്ലാവർക്കും ഈ സിനിമ ഏത് മാദ്ധ്യമത്തിലൂടെയും കാണാം.

"നമ്മളിന്ന് സിനിമ കാണാറേയുള്ളൂ. അതുണ്ടാക്കുന്നതിന്റെ, അതിന്റെ ഭാഗമാകുന്നതിന്റെ അല്ലെങ്കിൽ അത് സംവിധാനം ചെയ്യുന്നതിന്റെ അതേക്കുറിച്ച് ചിന്തിക്കുന്നതിന്റെ എല്ലാ രസവും നമ്മൾ വിട്ടുകളഞ്ഞിരിക്കുന്നു. അതാണ് ഞങ്ങൾ ചാമ്പയിലൂടെ ചെയ്യാനുദ്ദേശിക്കുന്നത്. നാടകം ഉണ്ടാക്കുന്നതിന്റെ, സിനിമ ഉണ്ടാക്കുന്നതിന്റെ എല്ലാ രസവും ആസ്വദിക്കുക. അതിൽ ഒറ്റ സംവിധായകനോ ഒറ്റ തിരക്കഥാകൃത്തോ ഇല്ലാതെ എല്ലാവരും സ്വന്തം കഴിവുകൾക്കനുസരിച്ച് ഇതിൽ പങ്കാളികളാകുന്നു. കുട്ടികൾ ഒരു മണിക്കൂർ കളിച്ചതിനുശേഷം, ഒരു മണിക്കൂറിൽ എനിക്കെന്തു കിട്ടി.എന്നൊരു കണക്കുകൂട്ടൽ നടത്താറില്ല നമ്മളതുപോലൊരു സിനിമയാണ് ചാമ്പയിലൂടെ ഉണ്ടാക്കുന്നത്" അഡ്വ. ബാലകൃഷ്ണസാവന്ത്

## സ്വതന്ത്ര സിനിമ

സ്വതന്ത്ര സോഫ്റ്റ്‌വെയറുകളായ ലിനക്സ് ഓപ്പറേറ്റിങ് സിസ്റ്റം, മോസില്ല ഫയർഫോക്സ് വെബ് ബ്രൗസർ, ലിബ്രെ ഓഫീസ്, സ്വതന്ത്ര അറിവിന്റെ സംരംഭങ്ങളായ വിക്കിപ്പീഡിയ, സ്വതന്ത്ര ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ, സ്വതന്ത്ര ഡാറ്റാ സംരംഭമായ ഓപ്പൺ സ്ട്രീറ്റ് മാപ്പ് എന്നിവ പോലെ സാംസ്കാരിക സൃഷ്ടികളിലേക്കും പങ്കുവയ്ക്കലിന്റെയും പൊതു ഉടമസ്ഥതയുടേയും ആശയങ്ങൾ നീട്ടുന്നു സ്വതന്ത്ര സംസ്കാരം. പകർപ്പവകാശത്തിന് പകരം പുതിയ ആശയമായ പകർപ്പിഷ്ടമാണ് ഞങ്ങളുപയോഗിക്കുന്നത്, ആളുകൾ തങ്ങൾക്കിഷ്ടമുള്ളവയാണ് പങ്കുവയ്ക്കുന്നതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, കൂടുതൽ ആളുകൾ ഞങ്ങളുടെ എല്ലാ സൃഷ്ടികളും പകർത്തുന്നതാണ് ഞങ്ങൾക്കിഷ്ടം. പകർപ്പിഷ്ടം എന്ന ഈ ആശയം അവതരിപ്പിക്കുന്നത് സ്വതന്ത്ര സംസ്കാരത്തിന്റെ പ്രചാരകയും 'സീതയുടെ പാട്ടുകൾ' എന്ന അനിമേഷൻ സിനിമയുടെ സ്രഷ്ടാവുമായ അമേരിക്കക്കാരിയായ അനിമേറ്റർ നീന പാലിയാണ്. ക്രിയേറ്റീവ് കോമൺസുമായി വളരെ അടുപ്പമുള്ളതാണ് ഈ ആശയം. ഈ സംരംഭത്തിന്റെ ഭാഗമായി ഞങ്ങൾ സൃഷ്ടിക്കുന്ന ഓരോ രചനയും, ചിത്രങ്ങളും, അനിമേഷൻ മാതൃകകളും, അവസാനമിറങ്ങുന്ന സിനിമയും ഉൾപ്പെടെ, എല്ലാം എല്ലാവർക്കും സ്വതന്ത്രമായി ആസ്വദിക്കാനും പങ്കുവയ്ക്കാനും, റീ മിക്സ് ചെയ്യാനും, അവർക്കിഷ്ടമുള്ള മറ്റെന്തും ചെയ്യാനും ലഭ്യമായിരിക്കും.

ജനകീയ ബ്ളോഗിങ് സോഫ്റ്റ്‌വെയറായ വേർഡ് പ്രസ് ഉപയോഗിക്കുന്ന ഞങ്ങളുടെ ബ്ളോഗ് വായിക്കാൻ http://chambaproject.in സന്ദർശിക്കുക.



ഗ്നു മെയിൽമാൻ എന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറാണ് ചാമ്പ പ്രൊജക്റ്റിലെ മെയിൽ ഗ്രൂപ്പുകൾക്കുപയോഗിക്കുന്നത്, http://lists.chambaproject.in.

ഞങ്ങളുപയോഗിക്കുന്നത് ഐ.ആർ.സി. സെർവറിലെ #chamba എന്ന ചാനലാണ്. http://webchat.freenode.net എന്ന വിലാസത്തിൽ വന്ന് ഞങ്ങളുടെ ചാറ്റ്മുറിയിൽ കയറിയാൽ ഞങ്ങളോട് തത്സമയം സംസാരിക്കാം.

ഫേസ്ബുക്ക്, ട്വിറ്റർ, ഡയാസ്പറ (ജനകീയ സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളിലെ സ്വകാര്യതയിലേക്കുള്ള കൈകടത്തൽ, സെൻസർഷിപ്പ് തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരമായി സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂട്ടായ്മ മുന്നോട്ടു വയ്ക്കുന്ന പുതിയ വികേന്ദ്രീകൃത സേവനമാണിത്) എന്നീ സോഷ്യൽ നെറ്റ് വർക്കിങ് സൈറ്റുകളും ഞങ്ങളുപയോഗിക്കുന്നു. ഇവയിലേതെങ്കിലും സേവനങ്ങൾ നിങ്ങളുപയോഗിക്കുന്നുണ്ടെങ്കിൽ ഞങ്ങളുടെ പ്രൊജക്റ്റിനെക്കുറിച്ചുള്ള പുതിയ വിവരങ്ങൾ നിങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാകും.

Facebook Page: chambaopenmovie Twitter: chambaopenmovie Diaspora:chamb@diasp.org Youtube:chambaproject

ഇങ്ങനെ പൂർണ്ണമായും ഓൺലൈനായി പ്രവർത്തിക്കുന്നതിനാൽ തന്നെ ഇന്റർനെറ്റ് സേവനം ലഭ്യമായ

**സ്വന്തമായി ആർജിച്ച സിഡിയും കഴിവും പ്രവർത്തനപരിചയവുമുള്ള ഒരു കൂട്ടം ആളുകളോടൊത്ത് പ്രവർത്തിക്കുന്നതിനും പ്രായോഗിക പരിചയത്തിലൂടെയും രസകരമായ അനുഭവങ്ങളിലൂടെയും അനിമേഷൻ ചലച്ചിത്രരംഗത്ത് നിങ്ങളുടേതായ സംഭാവനകൾ നൽകുന്നതിനും ചാമ്പ സംരംഭം വഴിയൊരുക്കും**

ആർക്കും ഈ സംരംഭത്തിൽ ചേരാനും ഇതിന്റെ ഭാഗമാകാനും കഴിയും.

**മിലാദ് താഹ:** ഇതേക്കുറിച്ചുള്ള ചർച്ചകൾ വളരെ മുമ്പേ തുടങ്ങിയതാണ്. ഇടയ്ക്കിടെ ഈ വിഷയം പൊങ്ങിവരുന്നത് മെയിലിങ് ലിസ്റ്റുകൾ നോക്കിയാൽ കാണാം. ഈ സംരംഭത്തെക്കുറിച്ചുള്ള ഉറച്ച തീരുമാനങ്ങളെടുത്തത് നവംബർ 2010-ൽ ആണ്. ആ സമയത്താണ് ഔദ്യോഗികമായി വെബ്സൈറ്റും, ഫോറങ്ങളും മെയിലിങ് ലിസ്റ്റും തുടങ്ങിയത്.

**പ്രവീൺ അരിമ്പ്രത്തൊടിയിൽ:** ഒരു സ്വതന്ത്ര സിനിമ ഉണ്ടാക്കാൻ ഞാൻ ആദ്യമായി സ്വതന്ത്ര മലയാളം കംപ്യൂട്ടിങ് കൂട്ടായ്മയിൽ നിർദ്ദേശിക്കുന്നത് ഞായറാഴ്ച 2008 ജനുവരി 6-നാണ്. പക്ഷേ, 2010 വരെ കൂടുതലൊന്നും സംഭവിച്ചില്ല. ഒരുപക്ഷേ, അന്നിത് ചെയ്യാൻ സാധിക്കില്ലെന്ന് ആളുകൾ വിചാരിച്ച് കാണണം. ആദ്യം ഈ ആശയം പങ്കുവച്ച് രണ്ട് വർഷം കഴിഞ്ഞ് ഒക്ടോബർ 2-ന് തിരുവനന്തപുരത്തെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോക്താക്കളുടെ ഈ മെയിൽ ഗ്രൂപ്പിൽ അറിയിച്ചു. ഇത്തവണ പലരും ഇതൊരു നല്ല ആശയമാണ് നമുക്കിത് ചെയ്യാം എന്ന് പറഞ്ഞ് മുന്നോട്ടു വന്നു.

**ചാമ്പ എന്ന പേര്:** ബ്ളെന്റർ ഫൗണ്ടേഷൻ അവരുടെ സ്വതന്ത്ര ചിത്രങ്ങൾക്കെല്ലാം ഒരു പഴത്തിന്റെ പേരാണിടുന്നത്, ഉദാ. ഓറഞ്ച്, പീച്ച്, ഡൂറിയൻ. ഞങ്ങളും അതേ ആശയമാണ് പിന്തുടരുന്നത്.

ഈ പേരിന് മറ്റൊരു പ്രാധാന്യം കൂടിയുണ്ട്: "കേരളത്തിലെ എല്ലാ വീടുകളിലും സാധാരണയായി കാണുന്നൊരു പഴമാണ് ചാമ്പക്ക. കുട്ടിക്കാലത്ത് അടുത്ത വീടുകളിലെ ചാമ്പ മരങ്ങളിൽ നിന്നെല്ലാം ഞങ്ങൾ ചാമ്പക്ക പറിക്കാറുണ്ടായിരുന്നു. ആരും ഇതിൽനിന്നും കുട്ടികളെ തടയാറില്ല, കാരണം ഇത് കുട്ടികൾക്കായുള്ളതാണ് (എന്റെ കുട്ടിക്കാലത്തെ സുന്ദരദിവസങ്ങൾ ഓർമ്മ വരുന്നു). കുട്ടികൾ മുതിർന്നവരേക്കാൾ ഈ പഴം ഇഷ്ടപ്പെടുന്നു. ഇത്തരമൊരു സ്വതന്ത്ര സിനിമാ സംരംഭത്തിന് നൽകാവുന്നൊരു നല്ല പേരാണ് ചാമ്പ എന്ന് ഞാൻ കരുതുന്നു." കംപ്യൂട്ടർ സയൻസ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ പി. കെ. ബിനു അമൃതപുരി കാമ്പസ് ബ്ളോഗിലെഴുതിയത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ ചാമ്പയിലുണ്ട്. ഇന്റർനെറ്റിലൂടെയാണ് ഇവരെല്ലാം ചർച്ചകൾ നടത്തുന്നതും, ആശയങ്ങളെ കൂട്ടായ യത്നത്തിലൂടെ പ്രാവർത്തികമാക്കുകയും ചെയ്യുന്നത് (നിങ്ങൾ വായിച്ചുകൊണ്ടിരിക്കുന്ന ഈ ലേഖനം ഉൾപ്പെടെ). ചർച്ചകൾക്കും ആശയവിനിമയത്തിനും പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും ഇവയെ എല്ലാം സൂക്ഷിച്ചു വയ്ക്കുന്നതിനുമായി സ്വതന്ത്ര സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങളും, കൂട്ടായ പ്രവർത്തനത്തിനായി സോഷ്യൽ നെറ്റ് വർക്കിങ് ഇടങ്ങളും ചാമ്പയിൽ ഞങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ സംരംഭത്തിന്റെ വിവിധ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ചാമ്പ പ്രവർത്തക സംഘത്തെ ചെറുസംഘങ്ങളായി വിഭജിച്ചിട്ടുണ്ട്, പൊതുവെ പ്രവർത്തനങ്ങൾ നോക്കാൻ ഓപ്പറേഷൻസ് ടീം, സർഗാത്മക പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ക്രിയേറ്റീവ് ടീം, പ്രചാരണത്തിനായി പബ്ലിസിറ്റി ടീം, വെബ്സൈറ്റും മറ്റും നോക്കി നടത്താൻ വെബ് ടീം തുടങ്ങിയവ. ഈ കൂട്ടായ്മയിലെ അംഗങ്ങളെല്ലാം തന്നെ ചർച്ചകൾക്കും, ആശയങ്ങൾ പങ്കുവയ്ക്കുന്നതിനുമായി ഇടയ്ക്കിടെ ഇന്റർനെറ്റിലൂടെ ഒത്തുചേരാറുണ്ട്. ആർക്കുവേണമെങ്കിലും അവരവരുടെ കഴിവും താല്പര്യവുമനുസരിച്ച് ഇവയിലേതെങ്കിലുമൊരു കൂട്ടത്തിൽ ചേരാം.

**ആരൊക്കെ:** വിദ്യാർത്ഥികൾ, വിദഗ്ദ്ധ തൊഴിലാളികൾ, സ്വതന്ത്ര സിനിമാ പ്രേമികൾ എന്നുവേണ്ട സമൂഹത്തിന്റെ നാനാ തുറകളിലും ഉള്ളവരുടെ ഒരു കൂട്ടായ്മയാണ് ചാമ്പ സംരംഭം. കുറച്ച് പേരുടെ വിവരങ്ങൾ ചുവടെ:

**സർഗാത്മക കൂട്ടായ്മ**: മിലാദ് താഹ, സാദിഖ്, കുര്യൻ ഒ.എസ്., ജിഷ്ണു, ഹിരൺ വി., ഷൈജോ കെ.കെ., ഓംപ്രകാശ് വർമ്മ, ട്രോയ്യെനംമോട്ടോ, വിപുൽ എം.എം. നിയാം ബൂഷൺ, റിനേഷ് പറയി, ശാന്തനു ചൗധരി, ലബീബ് മാട്ടര, സനൂജ്, ഗണപതി സുബ്രഹ്മണ്യം.

**പൊതുവായ കാര്യങ്ങൾ നോക്കുന്നവർ:** പ്രവീൺ അരിമ്പ്രത്തൊടിയിൽ- കോ-ഓർഡിനേറ്റർ, കാർത്തിക് സിംഗാൾ, വി. ശശികുമാർ, സൂരജ് കേണോത്ത്, ജെംഷീദ് കെ.കെ., മനോജ് കെ., മനു കൃഷ്ണൻ ടി.വി., ഋഷികേശ്, മിന്റോ ജോസഫ്, ബൂഷൺ കാമത്ത്, അഭിഷേക് മഢിവാൾ, അനീഷ് എ., ശ്രാവൺ അരസ്, അദിൽ അസീസ് എൻ.വി., ഇർഷാദ് കെ., സജ്ജാദ് കെ.എം., വാസുദേവ് കാമത്ത്.


**കഥയും അനിമേഷനും:** ചാമ്പ കൂട്ടായ്മയിലെ എല്ലാ അംഗങ്ങളും ചേർന്ന് ചാമ്പ ചലച്ചിത്രത്തിനായി ഒരു ആശയം തിരയുവാൻ ആരംഭിച്ചു. പല അംഗങ്ങളും വ്യത്യസ്ത ആശയങ്ങളും അവയ്ക്കനുയോജ്യമായ തിരക്കഥകളെയും മുന്നോട്ടുവയ്ക്കുകയും ചെയ്തു. അവയെല്ലാം സൂക്ഷ്മമായി പരിശോധിച്ചും ചർച്ച ചെയ്തും ബ്ലൂ പ്ലാനറ്റ് (നീല ഗ്രഹം) എന്ന ഒരു കഥ ഞങ്ങൾ കൂട്ടായി തെരഞ്ഞെടുത്തു. അന്യഗ്രഹ ജീവികളെ ഒരു വ്യത്യസ്തമായ വീക്ഷണകോണിൽനിന്ന് നോക്കിക്കാണാൻ ശ്രമിക്കുന്ന താല്പര്യജനകമായ കഥയാണ് ഇത്.

തിരക്കഥയെ തിരശ്ശീലയിലേക്ക് സന്നിവേശിപ്പിക്കുന്ന

തിനുള്ള യാത്രയിൽ ദൃശ്യചിത്ര നിർമ്മാണത്തിന് വളരെയധികം പ്രാധാന്യമുണ്ട്. അനിമേഷനിൽ പരമ്പരാഗത കലാരൂപത്തിന്റെ എല്ലാ സാദ്ധ്യതകളെയും പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. കഥയ്ക്കായി ഒരു പുതിയ ലോകം കാൽപ്പനികമായി സൃഷ്ടിക്കുക, അതിലെ കഥാപാത്രങ്ങൾ, പശ്ചാത്തലം, പശ്ചാത്തലത്തിലെ വിവിധ വസ്തുക്കൾ തുടങ്ങിയ ഓരോ സൂക്ഷ്മാംശങ്ങളും ചേർന്നാണ് കഥ പറയുന്നതിനുള്ള ദൃശ്യമാദ്ധ്യമം രൂപപ്പെടുന്നത്. ഇവയ്ക്ക് പ്രായോഗിക രൂപം നൽകുന്നതിന് ക്രിയാത്മക പ്രവർത്തകർ പെൻസിൽ സ്കെച്ചുകൾ, ജലച്ചായ ചിത്രങ്ങൾ, പേന ഉപയോഗിച്ചുള്ള ചിത്രങ്ങൾ, സോഫ്റ്റ്‌വെയർ എന്നിവ ഉപയോഗിക്കുന്നു. അന്യഗ്രഹജീവി, മനുഷ്യൻ എന്നുവേണ്ട ഈ ചലച്ചിത്രത്തിലെ ഓരോ കഥാപാത്രത്തിനും വേണ്ട രൂപവും ഭാവവുമെല്ലാം ഈ ഘട്ടത്തിലാണ് നിശ്ചയിക്കുന്നതും സൃഷ്ടിക്കപ്പെടുന്നതും. ഈ സങ്കല്പങ്ങളും രൂപകല്പനകളും ഉപയോഗിച്ച് സാങ്കല്പിക ലോകവും കഥാപാത്രങ്ങളും ആദ്യം പേപ്പറിൽ ജന്മമെടുക്കുന്നു, അതോടൊപ്പം തന്നെ കഥയുടെ പ്രാവർത്തിക തിരക്കഥയും തയ്യാറാകുന്നു.

ചലച്ചിത്രം തിരശ്ശീലയിലേക്ക് കൊണ്ടുവരുമ്പോൾ കാണേണ്ട ഓരോ സന്ദർഭത്തേയും ചിത്രങ്ങൾ ഉപയോഗിച്ച് വിവരിക്കുന്നതാണ് പ്രാവർത്തിക തിരക്കഥ. ഓരോ സന്ദർഭത്തിന്റെയും പ്രത്യേക ഫ്രെയിമുകൾ ഉൾപ്പെടെയുള്ള സൂക്ഷ്മമായ ചിത്രീകരണം ഈ ഘട്ടത്തിൽ നടക്കുന്നു. ചലച്ചിത്ര രൂപം നൽകുന്നതിനുള്ള മറ്റ് പ്രധാന പ്രവർത്തനങ്ങൾ ഓരോ കഥാപാത്രത്തിന്റെയും ത്രിമാന മാതൃകകൾ സൃഷ്ടിക്കുകയും അവയെ അനിമേഷനുവേണ്ടി തയ്യാറാക്കുകയും ചെയ്യുക എന്നതാണ്, ഇതിനെ സാങ്കേതികമായി റിഗ്ഗിംഗ് എന്നു പറയുന്നു. ഇത്രയും ഘട്ടങ്ങൾ കഴിഞ്ഞാൽ സാധാരണ സിനിമയെടുക്കുന്നതു പോലെ ഡിജിറ്റൽ കഥാപാത്രങ്ങളെ ഉപയോഗിച്ച് ശരിയായ വെളിച്ചത്തിലും ക്യാമറാ കോണിലും ചിത്രീകരിക്കുകയും ശബ്ദം, ചിത്രം, സംഗീതം എന്നിവ സംയോജിപ്പിക്കുക എന്നീ പ്രവർത്തനങ്ങളാണുള്ളത്.

അനിമേഷൻ മേഖലയിലേക്ക് തിരിയാൻ താല്പര്യമുള്ളവർക്ക് പ്രായോഗിക പരിചയം ലഭിക്കാൻ ഉതകുന്ന സ്വതന്ത്രവും തുറന്നതുമായ സംരംഭമാണ് ചാമ്പ. ഉത്സാഹമതികളും അനിമേഷൻ രംഗത്ത് സ്വന്തമായി ആർജ്ജിച്ച സിദ്ധിയും കഴിവും പ്രവർത്തനപരിചയവുമുള്ള ഒരു കൂട്ടം ആളുകളോടൊത്ത് പ്രവർത്തിക്കുന്നതിനും പ്രായോഗിക പരിചയത്തിലൂടെയും രസകരമായ അനുഭവങ്ങളിലൂടെയും അനിമേഷൻ ചലച്ചിത്രരംഗത്ത് നിങ്ങളുടേതായ സംഭാവനകൾ നൽകുന്നതിനും ചാമ്പ സംരംഭം വഴിയൊരുക്കും. ചാമ്പ സംരംഭം കലാകാരന്റെയും ഉപഭോക്താവിന്റെയും സർവ്വോപരി കലയുടെ തന്നെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. എല്ലാ സാങ്കേതികസൃഷ്ടികളും കലാസൃഷ്ടികളും തന്നെ മറ്റുള്ളവർക്ക് അനുഭവിക്കുന്നതിനും ആസ്വദിക്കുന്നതിനും പഠിക്കുന്നതിനും, തങ്ങളുടെ അഭിരുചിക്ക് അനുസരിച്ച് പരിവർത്തനം ചെയ്യാനും കഴിയുന്നതായിരിക്കണം. അതിനാൽത്തന്നെ ഞങ്ങൾ ഈ സംരംഭത്തിൽ സമ്പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപകരണങ്ങളാണ് ഉപയോഗിക്കുന്നത്. ഞങ്ങൾ തിയറ്ററുകൾ വഴിയും കേബിൾ/സാറ്റലൈറ്റ് ചാനലുകൾ വഴിയും പുറത്തിറക്കാൻ നോക്കുന്നുണ്ട്. യൂട്യൂബ് വഴിയും പൈറേറ്റ് ബേ പോലുള്ള ഫയൽ ഷെയറിങ് സൈറ്റുകൾ വഴിയും ഇന്റർനെറ്റിലൂടെയായിരിക്കും ഇത് ആദ്യമായി പുറത്തിറക്കുന്നത്. ഇപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നഡ, ഹിന്ദി, മറാത്തി എന്നീ ഭാഷകളറിയുന്നവരുണ്ട്. പരിഭാഷ ചെയ്യാൻ താല്പര്യവുമായി ആളുകൾ മുന്നോട്ടു വരുന്ന എല്ലാ ഭാഷകളിലും ഞങ്ങളിതിറക്കും. ■



ചാമ്പയിലെ അനിമേഷൻ